കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ ബാലകൃഷ്ണൻ കെ. പി സമർപ്പിച്ച OA 448/2015 നമ്പർ അപേക്ഷയിന്മേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 09.06.2015 ന് പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു

---

## തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

**സ.ഉ(സാധാ)നം.3845/2015/തസ്വഭവ തീയതി, തിരുവനന്തപുരം.22/12/2015**

---

പരാമർശം: 1. ശ്രീ ബാലകൃഷ്ണൻ കെ. പി സമർപ്പിച്ച OA 448/2015 നമ്പർ അപേക്ഷയിന്മേലുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09.06.2015 ലെ ഉത്തരവ്

2. അഡ്വക്കേറ്റ് ജനറലിന്റെ 30.07.2015 ലെ സി3-ഒഎ 448/15/എജിഒ നമ്പർ കത്ത്

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ബാലകൃഷ്ണൻ കെ. പി സമർപ്പിച്ച OA 448/2015 നമ്പർ അപേക്ഷയിന്മേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയത് പ്രകാരം ഒന്നാം എതിർ കക്ഷി (തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി) അനക്സർ എ 9 പരിശോധിച്ച്, അപേക്ഷകനെ നേരിൽ കേട്ട് ഉത്തരവ് ലഭിക്കുന്ന തീയതി മുതൽ 3 മാസത്തിനുള്ളിൽ തീർപ്പാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ ബാലകൃഷ്ണൻ കെ പി 07.01.1986 ൽ ബിൽ കളക്ടറായി സേവനത്തിൽ പ്രവേശിക്കുകയും ഉദ്യോഗക്കയറ്റം അനുവദിച്ചിരുന്നെങ്കിലും നാളിതേ വരെ യോഗ്യതാ മാനദണ്ഡമായ വകുപ്പ്തല പരീക്ഷകളൊന്നും പാസായിട്ടില്ല എന്നതിനാൽ ക്ലാർക്ക് തസ്തികയിലേക്ക് തരം താഴ്ത്തി ഉത്തരവാകുകയും ചെയ്തിരുന്നു. ടി ഉത്തരവിനെ തുടർന്നാണ് ടിയാൻ അനക്സർ എ 9 അപ്പീൽ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം സർക്കാരിന് തുടർനടപടികൾക്കായി സമർപ്പിച്ചത്.

3. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം ടിയാനെ 29.09.2015 ൽ നേരിൽ കേൾക്കുകയുണ്ടായി. ശ്രീ ബാലകൃഷ്ണനെ നേരിൽ കേട്ട സമയത്ത് 21.12.1985 ലെ ഉത്തരവ് പ്രകാരം സേവനത്തിൽ പ്രവേശിച്ച എസ്.റ്റി വിഭാഗം

ജീവനക്കാരനായ തനിക്ക് കെ.എസ് & എസ്. എസ്.ആർ ഭാഗം 2, ചട്ടം 13 A (1)a പ്രകാരം 01.01.1986 ന് മുമ്പ് സേവനത്തിലുള്ള എസ്.റ്റി വിഭാഗക്കാരൻ എന്ന നിലയിൽ ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്നും സ്ഥിരമായി ഇളവ് ലഭിക്കുമെന്നും ആകയാൽ ടിയാന് നല്കിയ സ്ഥാനക്കയറ്റങ്ങൾ അതിൻപ്രകാരം ക്രമവിരുദ്ധമല്ലന്നും അറിയിച്ചു. കൂടാതെ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയായ തന്നെ എൽഡിസി ആയി തരം താഴ്ത്തുന്നത് സാമ്പത്തികമായും സാമൂഹികമായും ദുരിതത്തിലാക്കുമെന്നും തന്റെ കുടുംബജീവിതത്തെ തന്നെ ആയത് സാരമായി ബാധിക്കുമെന്നും ബോധിപ്പിയ്ക്കുകയുണ്ടായി.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കെ. എസ് & എസ്. എസ്. ആർ ഭാഗം II ചട്ടം 13 A(1)(a) പ്രകാരം 01/01/1986 ന് ശേഷം സർവ്വീസിൽ പ്രവേശിച്ച മറ്റെല്ലാതരത്തിലും യോഗ്യരായിട്ടുള്ള എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർബന്ധിത വകുപ്പുതല പരീക്ഷ പാസ്സാകുന്നതിൽ താൽക്കാലിക ഇളവ് നൽകി താൽക്കാലിക സ്ഥാനക്കയറ്റം അനുവദിക്കാവുന്നതാണ്. എന്നാൽ കെ. എസ് & എസ്. എസ്. ആർ ഭാഗം II ചട്ടം 13 A(2) പ്രകാരം ഇത്തരത്തിൽ താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ തുടർന്നുള്ള 3 വർഷത്തിനുള്ളിൽ ടി പരീക്ഷ പാസ്സായിട്ടില്ലെങ്കിൽ ഏത് തസ്തികയിൽ നിന്നാണോ താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ചത് ടി തസ്തികയിലേയ്ക്ക് തരം താഴ്ത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

5. കെ. എസ് & എസ്. എസ്. ആർ ഭാഗം II ചട്ടം 13 ബി യുടെ 4-ാം പ്രൊവിസോ പ്രകാരം 50 വയസ് പൂർത്തിയാകുന്നതിന്റെ തൊട്ടടുത്ത ദിവസം മുതലാണ് essential qualification test ആയി വിശേഷാൽ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത വകുപ്പുതല പരീക്ഷ പാസ്സാകുന്നതിൽ നിന്ന് ഒരു ഉദ്യോഗസ്ഥന് സ്ഥിരമായി ഇളവ് നൽകുന്നത്. അതനുസരിച്ച് ശ്രീ. കെ.പി. ബാലകൃഷ്ണന് 30/05/2013 മുതലാണ് ( 30/05/1963 ആണ് ടിയാന്റെ ജനന തീയതി) വകുപ്പുതല പരീക്ഷ പാസ്സാകുന്നതിൽ നിന്ന് ഇളവ് നൽകേണ്ടിയിരുന്നത്. എന്നാൽ 12/12/2014 തീയതിയിലെ സഉ(എം.എസ്) നമ്പർ 224/14/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമാണ് ഭരണ വകുപ്പിൽ special qualification test നിർബന്ധിത വകുപ്പുതല പരീക്ഷ എന്നാക്കി മാറ്റിയത്. ശ്രീ. ബാലകൃഷ്ണൻ കെ പി നിർബന്ധിത വകുപ്പുതല പരീക്ഷ പാസ്സാകാത്ത സാഹചര്യത്തിൽ കെ. എസ് & എസ്. എസ്. ആർ ഭാഗം II ചട്ടം 13 A(2) പ്രകാരം 21.02.2015 ൽ ടിയാനെ ക്ലാർക്ക് തസ്തികയിലേക്ക് തരംതാഴ്ത്തിയ പഞ്ചായത്ത് ഡയറക്ടറുടെ നടപടി ക്രമപ്രകാരമുള്ളതാണ്. ശ്രീ. കെ. പി. ബാലകൃഷ്ണൻ 07/01/1986 നാണ് സേവനത്തിൽ പ്രവേശിച്ചത്. ഈ സാഹചര്യത്തിൽ 28/11/1997 ലെ

സ.ഉ(പി) നമ്പർ 25/97/ഉഭപവ നമ്പർ സർക്കാർ ഉത്തരവിന്റെ ആനുകൂല്യം ടിയാന് നൽകാൻ സാധിക്കില്ല. ആയതിനാൽ ശ്രീ.കെ.പി. ബാലകൃഷ്ണന്റെ അപ്പീൽ അപേക്ഷ പരിഗണ നാർഹമല്ല.

6. പ്രസ്തുത സാഹചര്യത്തിൽ ശ്രീ. കെ. പി. ബാലകൃഷ്ണന് 12/12/2014 മുതൽ യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് മാത്രമേ സ്ഥാനക്കയറ്റത്തിന് അർഹതയുള്ളൂ. ആയതിനാൽ ശ്രീ. ബാലകൃഷ്ണൻ കെ പി യ്ക്ക് തെറ്റായി നൽകിയ സ്ഥാനക്കയറ്റങ്ങൾ മുൻകാല പ്രാബല്യത്തിൽ റദ്ദാക്കി 12/12/2014 തീയതി പ്രാബല്യത്തിൽ മറ്റെല്ലാതരത്തിലും യോഗ്യനാണെങ്കിൽ ടിയാന് യു.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്ന കാര്യം പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും കെ. എസ് & എസ്. എസ്. ആർ ഭാഗം II ചട്ടം 13 A(2) ന്റെ വെളിച്ചത്തിൽ 21/02/2015 തീയതിയിൽ ശ്രീ. ബാലകൃഷ്ണനെ ക്ലാർക്ക് തസ്തികയിലേയ്ക്ക് തരം താഴ്ത്തിയ പഞ്ചായത്ത് ഡയറക്ടറുടെ നടപടി പുന:പരിശോധിയ്ക്കണമെന്ന അനക്സർ എ 9 അപ്പീൽ അപേക്ഷയിലെ ആവശ്യം നിരസിച്ചു കൊണ്ടും ഉത്തരവാകുന്നു. ഇപ്രകാരം പരാമർശം 1 പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 09.06.2015 ലെ ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൻ. നന്ദകുമാർ**
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ ബാലകൃഷ്ണൻ കെ. പി, അസിസ്റ്റന്റ് സെക്രട്ടറി, കണിച്ചാർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഇപിബി) വകുപ്പ്
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്).
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ